Mrs. Thankamma N. Menon *(Eranakulam-Women)* : In my speech, I have made it very clear.

Rao Sahib I. N. Menon *(Director of Public Instruction)* : So the cut motion is, or should be that the Hon'ble Member wants an appreciable reduction in fees in the case of the poorer classes who are not able to pay fees, and that for the duration of the war.

Mr. A. B. Salem *(Mattancheri)* : That is the implication.

Rao Sahib I. N. Menon *(Director of Public Instruction)* : Do you want reduction only for the poor ?

Mrs. Thankamma N. Menon *(Ernakulam-Women)* : To those deserving people and for the duration of the war.

Rao Sahib I. N. Menon *(Director of Public Instruction)* : Although I am not prepared to accept even that on behalf of the government, I request that the cut motion as it is going to be pressed, may kindly be noted. "for the poor students who are deserving, for the duration of the war". Whatever be the shape, it may kindly be noted.

Mr. M. K. Devassy *(Adur)* : May I know whether the poor scholarship exists even now ?

Rao Sahib I. N. Menon *(Director of Public Instruction)* : There are a certain number of poor scholarships. I think about a large number gets half-free scholarship.

Mr. M. K. Devassy *(Adur)* : So that this amendment will be covered by the existing rules.

Mr. C. V. Iyyu *(Kunnamkulam)* : Will the Hon'ble Member for Education be pleased to accept if the fees of the ladies be raised a little and that of the gentlemen reduced a little? Ladies have equality of treatment.

Rao Sahib I. N. Menon *(Director of Public Instruction)* : I want a clear ruling. For instance, there are certain communities which are already enjoying half-fee concession. Are their fees to be reduced ?

Mrs. Thankamma N. Menon *(Ernakulam-Women)* : Without affecting existing rules.

Rao Sahib I. N. Menon *(Director of Public Instruction)* : I would have credited the system, if I could have understood the cut motion.

Mr. T. P. Poulose *(Kanayannur)* : They are all matters of detail which Government can fix up. Here we suggest a principle and on the basis of which Government may act.

Mr. M. K. Devassy *(Adur)* : May I suggest one thing? This being a cut motion, the views on the cut motion have been already expressed. According to me, no amendment is necessary. Any amendment without proper consideration may spoil the original cut motion.

Mrs. Thankamma N. Menon *(Ernakulam-Women)* : I have made all my points clear. Government also knows that.

Motion put and carried

***Mr. P. Govinda Menon** *(Mulakunnathukavu)* : Sir, will you be pleased to consider cut motions Nos. 10, 11, 12, and 14 together. They all come under the same head.

Deputy President : All those cut motions may be taken together and discussed.

CUT MOTIONS Nos. 10, 11, 12 & 14

Selection of Text books

Mr. P. K. Madhava Menon *(Narakkal)* : *To reduce the allotment of Rs. 17,192 for Establishment of the Director by Re. 1. (The unsatisfactory nature of certain text books prescribed for the next 6 years).*

Mr. C. K. Nayar *(Nemmara)* : *To reduce the allotment of Rs. 17,192 for Education-Direction and Inspection-Establishment of the Director by Re. 1.*

(വസ്തുസ്ഥിതി കഥനങ്ങളിൽ തെറ്റുപറ്റിട്ടില്ലാത്ത പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കേണ്ടതിന്റെ ആവശ്യകതയെ ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ).

Mr. K. S. Panicker *(Ezhuvas-Mukundapuram)* : *To reduce the allotment of Rs. 17,192 for Establishment of the Director by Re. 1.*

(വിദ്യാർത്ഥികൾക്കു തെറ്റില്ലാതെ വായിക്കുന്നതിനുണ്ടാകുന്ന അബദ്ധങ്ങൾ എഴുതി ചേർത്തിട്ടുള്ള പുസ്തകങ്ങൾ പാഠപുസ്തകങ്ങളായി തീരുമാനിച്ചതിന്റെ അനൌചിത്യത്തേയും അനാശാസ്യകതയേയും ഗവണ്മെണ്ടിനെ മനസ്സിലാക്കുവാൻ).

LIBRARY ARCHIVES Kerala Legislative Assembly

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam)*: *To reduce the allotment of Rs. 64,483 for Direction and Inspection by Rs. 2.*

(Certain Defects in some of the text books prescribed for study in our Schools).

Mr. P. K. Madhava Menon *(Narakkal)*: I want to bring to the notice of the House certain statements found in the text books introduced this year for the various classes. In the Everest Readers, Reader IV, on page 54, it is found, "our earth is a planet and goes round the sun once in 24 hours as you know". We all know that the earth does not do so. Charitrakathavali, 4th class, on page 1 it is stated.

"സിദ്ധാർത്ഥന്റെ ശൈശവത്തിൽതന്നെ അമ്മ മരിച്ചുപോയതിനാൽ ശുദ്ധോദനൻ അത്യധികം ലാളിച്ചുകൊണ്ടാണ് പുത്രനെ വളർത്തിയതു". അപ്പോഴേക്കു അച്ഛൻ മരിച്ചുപോയിരുന്നു. വിധവയായ മാതാവിനേയും വിരഹതയായ പത്നിയേയും അദ്ദേഹം ഭിക്ഷുണികളാക്കി ബുദ്ധമതത്തിലേക്കെടുത്തു."

As the mother is reported to have died when he was a young baby one cannot understand how when he became sufficiently old, he could convert his widowed mother to Budha Matha.

Mr. Puthur Achyuta Menon *(Kattur)*: Perhaps he had two wives.

Mr. P. K. Madhava Menon *(Narakkal)*: May be, it is not stated anywhere. Students of Cl. 4 have been asking the teachers—well, Sir, which of these statements is true? How is the teacher going to explain?

ആ പുസ്തകത്തിൽതന്നെ "അക്ബർ ജനിക്കുന്നതിനു അല്പം മുമ്പു മാത്രമാണു് അക്ബറുടെ അച്ഛൻ പൂർണ്ണഗർഭിണിയായ പത്നിയോടുകൂടി നാടുവിട്ടു പോയതു". അദ്ദേഹം ഹുമയൂൺ കൊല്ലത്തിലധികം അന്യരാജ്യത്തു താമസിച്ചതിനുശേഷം ഇൻഡ്യയിൽ വന്നു പേർഷ്യയിലെ ഒരു രാജാവിന്റെ സഹായംകൊണ്ടു കുറെ സൈന്യങ്ങളെ ശേഖരിച്ചു അന്നു ഭരിച്ചിരുന്ന രാജാവിനോടു യുദ്ധത്തിനു വന്നു. യുദ്ധത്തിൽ അദ്ദേഹത്തെ തോല്പിച്ചു" തന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ട രാജ്യങ്ങൾ വീണ്ടെടുക്കുവാൻ ഹുമയൂണിനു വളരെ പ്രയാസമുണ്ടായിരുന്നില്ല. പക്ഷെ രാജ്യം വീണ്ടെടുത്തു ഒരു കൊല്ലം കഴിഞ്ഞപ്പോഴേക്കും അദ്ദേഹം മരിച്ചു. അക്ബറിനു രാജ്യഭാരം കിട്ടുകയും ചെയ്തു. അന്നു് അക്ബറിനു ഏകദേശം വയസ്സു് പ്രായമായിരുന്നു." "ഗിപ്പുസുൽത്താൻ വലിയൊരു മതഭ്രാന്തനായിരുന്നു." ഇങ്ങിനെ എന്തൊക്കെയൊ പറഞ്ഞിട്ടുണ്ടു്. വേറൊരു സ്ഥലത്തു് ഇതിനു വിപരീതമായും എഴുതിയിട്ടുണ്ടു്.

"ചന്ദ്രൻ ഭൂമിയെ ആശ്രയിച്ചു" അതിനെ പ്രദക്ഷിണംവച്ചുകൊണ്ടിരിക്കുന്ന ഒരു ഉപഗ്രഹമാണു്. അതു ഭൂമിയേക്കാൾ എത്രയൊ ചെറിയ ഒരു ഗോളമാണു്. ചന്ദ്രന്റെ സഞ്ചാരമാർഗ്ഗം ഭൂമിയിൽ നിന്നു ഏ, ദ ൦, ൦ ൦ ൦ നാഴിക അകലെയാണു്. അതിനു ഒരു പരിവർത്തനം ചെയ്യാൻ ന ൦ ദിവസം വേണ്ടിവരുന്നു." ന ൦ ദിവസം വേണ്ട എന്നാണു ഞാൻ പഠിച്ചിട്ടുള്ളതു".

"ടാജ്മഹാൾ.—ഷാജിഹാൻ ചക്രവർത്തിയായി സ്ഥാനാരോഹണം ചെയ്തതു് എ.ഡി 1628-ൽ ആയിരുന്നു. മുംജ്ജിഹാന്റെ മരുമകളായ ടാജ്മഹാൾ എന്ന പാർസി സ്ത്രീയെയാണു് അദ്ദേഹം വിവാഹംചെയ്തതു്. ഷാജിഹാനും ടാജ്മഹാളും തമ്മിൽ ഉള്ളഴിഞ്ഞ അനുരാഗത്തോടുകൂടിയാണു കഴിഞ്ഞുകൂടിയതു്. വിവാഹത്തിനുശേഷം പതിനാലു സംവത്സരം കഴിഞ്ഞപ്പോൾ ടാജ്മഹാൾ ചരമഗതിയടഞ്ഞു. മരണം സമീപിച്ചപ്പോൾ ചക്രവർത്തി അവളുടെ അടുക്കൽതന്നെയുണ്ടായിരുന്നു അപ്പോൾ അവൾ തന്റെ പ്രിയവല്ലഭനോടു രണ്ടു കാര്യങ്ങൾ അപേക്ഷിക്കുകയുണ്ടായി. താൻ മരിച്ചതിനുശേഷം ചക്രവർത്തി മറ്റൊരു സ്ത്രീയെ വിവാഹംചെയ്യരുതെന്നും തന്റെ ദേഹം അടക്കംചെയ്യുന്ന സ്ഥലത്തു് തന്റെ സ്മാരകമായി ഒരു ചൈത്യം സ്ഥാപിക്കണമെന്നുമായിരുന്നു അവളുടെ അപേക്ഷകൾ. തനിക്കു ഏറ്റവും പ്രിയപ്പെട്ട ടാജ്മഹാൾ അന്ത്യദശയിൽ അപേക്ഷിച്ച രണ്ടു കാര്യങ്ങളും ഷാജിഹാൻ സാധിപ്പിച്ചു. പിന്നെ ഒരു സ്ത്രീയേയും ചക്രവർത്തി വിവാഹം ചെയ്തില്ല. ടാജ്മഹാളുടെ മൃതദേഹം അടക്കംചെയ്ത സ്ഥലത്തു് വിശ്വമോഹനമായ ഒരു ചൈത്യം പണിയിച്ചു" അതിനു ടാജ്മഹാൾ എന്നു പേരിടുകയുംചെയ്തു."

സർ, ഈ മാതിരി പല തെറ്റുകളും ഉണ്ടായിട്ടുണ്ടു്.

Mr. C. V. Iyyu *(Kunnamkulam)*: Who is the publisher.

Mr. P. K. Madhava Menon *(Narakkal)*: Printed and published by the Bharatha Vilasam Press.

Mr. C. V. Iyyu *(Kunnamkulam)*: Who is the author?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. Madhava Menon *(Narakkal)* : Mr. P. R. Ananthanarayanan, M. A., and Pandit K. Vasudevan Moosad.

ഈ ചരിത്രകഥാവലി മലയാള ടെക്സ്റ്റ്ബുക്കാണ്. അതിൽ പല തെറ്റുകളും ഉണ്ടായിട്ടുണ്ട്. പക്ഷെ പുസ്തകങ്ങളെല്ലാം ഗവമ്മെണ്ടു നോക്കി പാസ്സാക്കീട്ടാണ് സ്കൂളിലേക്കു കൊടുക്കുന്നതു്. പുസ്തകങ്ങൾ പാസ്സാക്കേണ്ടതു് ഈവക തെറ്റുകളെ നോക്കി ശരിയാക്കീട്ടാണ്. കുട്ടികളെ ഈവക തെറ്റുകൾ പഠിപ്പിച്ചിട്ടു കാര്യമില്ല. ഇപ്പോൾ അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ആറു കൊല്ലത്തേക്കാണു്. ഈ ആറു കൊല്ലവും പഠിക്കേണ്ടതായ കുട്ടികൾ മുഴുവൻ ഈ തെറ്റുകളെയല്ലേ പഠിക്കേണ്ടതു്? അതുകൊണ്ടു ഈ പുസ്തകങ്ങളെല്ലാം തിരിയെ നോക്കി അതിലെ തെറ്റുകളെല്ലാം തീർത്തു കൊടുക്കേണ്ടതാണു്. അതിനു വേണ്ടതായ വിദഗ്ദ്ധന്മാരായ ആളുകളെ വെച്ചു പ്രത്യേകം നിയന്ത്രിച്ചു ചെയ്യേണ്ടതായ ചുമതല ഗവമ്മെണ്ടിനുണ്ടെന്നും അതിനു വേണ്ടിവരുന്ന ചിലവു് ഈ തെറ്റുകൾക്കു ഉത്തരവാദപ്പെട്ടവരിൽനിന്നും വസൂലാക്കേണ്ടതാണെന്നും ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ വേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്.

Deputy President : Is not the Revising Committee functioning now?

Mr. M. K. Devassy *(Adur)* : May I know whether these books before they are selected are subject to scrutiny by Government servants.

Mr. K. Karunakaran Nayar *(Nominated)* : The Members of the Revision Committee are concerned only with the revision of the Malayalam Text books for the Primary classes.

Mr. P. K. Madhava Menon *(Narakkal)* : The 4th class is a primary class.

Mr. K. Karunakaran Nayar *(Nominated)* : I was on leave at the time and I am not in a position to say how these mistakes crept in. I cannot say whether these mistakes were in the samples submitted or whether they crept in the later editions.

Mr. Puthur Achyuta Menon *(Kattur)* : The Revising Committee only revises the Malayalam Text Books.

Mr. K. Karunakaran Nayar *(Nominated)* : There was a question about the Revising Committee. That is why I referred to it. There is the Advisory Committee to prescribe books. I don't know whether these books have been prescribed by the Advisory Committee or the Revision Committee. There seems to be some confusion. At any rate I shall take the entire responsibility as President of the Text Book Committee, and all that I can say is.....

Deputy President : They have not finished their speeches.

മിസ്റ്റർ സി. കെ. നായർ : സർ, ഇക്കൊല്ലം സ്കൂളിൽ കടന്നുകൂടിയ പാഠപുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ള തെറ്റുകൾക്കു കയ്യും കണക്കുമില്ലെന്നുവേണം പറയാൻ. പുസ്തകങ്ങളിലെ വസ്തുസ്ഥിതികഥനങ്ങൾ പലതും തെറ്റാണു്.

മിസ്റ്റർ എം. എൽ. ജോസഫ് : A point of order Sir, ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് പുസ്തകങ്ങൾക്കു് സ്കൂളിൽ കടന്നിട്ട തെറ്റു പറ്റിയെന്നോ അല്ലെങ്കിൽ, തെറ്റുള്ള പുസ്തകങ്ങൾ സ്കൂളിലേക്കു കടന്നുവെന്നോ? (ചിരി)

മിസ്റ്റർ സി. കെ. നായർ : ആദ്യം തെറ്റു പറ്റിയതു പുസ്തകങ്ങളിലാണു്. പിന്നീടേ സ്കൂളിലേക്കു കടന്നിട്ടുള്ളൂ. ഒടുവിൽ വിദ്യാർത്ഥികളുടെ കണ്ണർഡറുകളിൽക്കൂടി ഈ തെറ്റുകൾ അവരുടെ തലച്ചോറിൽ പ്രവേശിച്ചു എന്നും മായാതവണ്ണം അവിടെ ദൃഢമായി പതിയുന്നു. ബഹുമാനപ്പെട്ട ഞാറയ്ക്കൽ മെമ്പർ ഇപ്പോൾ എടുത്തുകാട്ടിയ തെറ്റു ഏതു ഭയങ്കരങ്ങളാണെന്നു് ഈ സഭ കണ്ടുവല്ലോ. അദ്ദേഹം എടുത്തുകാട്ടിയിട്ടില്ലാത്ത അനവധി തെറ്റുകൾ ഇനിയും ഈ പുസ്തകങ്ങളിലുണ്ടു്. ഞാനവയിൽ ചിലതുമാത്രം എടുത്തുകാട്ടാം. നാലാംക്ലാസ്സിലേക്കുള്ള "ചരിത്രപാഠാവലി"യിലേക്കാണു് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ആദ്യമായി ക്ഷണിക്കുന്നതു്. ഇതിലെ "അലക്സാണ്ടറും പുരുഷോത്തമനും" എന്ന പാഠത്തിൽ (സ-ാംഭാഗം) ഇങ്ങനെ കാണുന്നു:—"യൂറോപ്പിൽനിന്നു് ക്രിസ്താബ്ദം നാലാമതായി ഇന്ത്യയിൽ വന്ന ആക്രമണം നടത്തിയതു് അലക്സാണ്ടറായിരുന്നു. അദ്ദേഹം സിന്ധുനദിയുടെ തീരത്തിലെത്തിച്ചേർന്നു. ആ നദിയുടെ പ്രവാഹത്തിനുള്ള ശക്തികൊണ്ടു് അലക്സാണ്ടർക്കും സൈന്യങ്ങൾക്കും നദി കടക്കുവാൻ പ്രയാസം നേരിട്ടു. ഒഴുക്കിനു ശക്തി കുറവുള്ള കട്ടാക്കു് എന്ന സ്ഥലത്തു് വളരെ വഞ്ചികൾ കൂട്ടിത്തൊടുവിച്ചു് പാലംപോലെ ഇട്ടിട്ടാണു് അലക്സാണ്ടറും പടയാളികളും സിന്ധുനദി കടന്നതു്." ഈ ഗ്രന്ഥകാരന്റെ ഭൂമിശാസ്ത്രജ്ഞാനത്തെ ഇതുവെച്ചൊന്നു പരിശോധിക്കാം. അലക്സാണ്ടർ സിന്ധുനദിയുടെ തീരത്തിലെത്തിച്ചു ഗ്രന്ഥകാരൻ "കട്ടാക്കു" എന്ന സ്ഥലത്തിനടുത്തുകൂടി അദ്ദേഹത്തെ നദി കടത്തുന്നു. കട്ടാക്കു്

LIBRARY ARCHIVES Kerala Legislative Assembly

ഒറീസ്സയിലാണെന്നാണല്ലൊ നാം പഠിച്ചിട്ടുള്ളതു്. ഇപ്പോൾ അതു പഞ്ചാബിലാണെന്നു നമ്മുടെ കുട്ടികൾക്കു പഠിക്കാറായിരിക്കുന്നു. അല്ലെങ്കിൽ സിന്ധുനദി ഒറീസ്സയിൽകൂടിയാണൊഴുകുന്നതെന്നു പഠിക്കാൻ നമ്മുടെ കുട്ടികൾ നിർബ്ബന്ധിതരാകുന്നു. പോരെ നേരമ്പോക്കു്! ഇതെസന്ദർഭത്തിൽ "ചീനാബിനും യമുനക്കും മദ്ധ്യത്തിലുള്ള രാജ്യങ്ങൾ ഭരിച്ചിരുന്ന പുരുഷോത്തമൻ എന്ന ക്ഷത്രിയരാജാവു്" "ജലം നദിയുടെ തീരത്തിൽ തന്റെ സൈന്യങ്ങളെ നിരത്തി അലക്സാണ്ടറുടെ മുമ്പോട്ടുള്ള ആക്രമണത്തെ തടുത്തുനിറുത്തി" യെന്നുകൂടി ഗ്രന്ഥകാരൻ പറയുന്നു. ഗംഗയുടെ പ്രധാന പോഷകനദിയാണല്ലൊ യമുന. പ്രസ്തുത ഗ്രന്ഥകാരനതിന്റെ സ്ഥിതിഗതികൾക്കു വരുത്തിയിട്ടുള്ള മാറ്റങ്ങൾ നോക്കണം! എത്രയെത്ര അസംബന്ധങ്ങളാണു് നമ്മുടെ കുട്ടികൾ പഠിക്കേണ്ടതു്!

ഇനി കൊച്ചി ഭൂമിശാസ്ത്രം പരിശോധിക്കാം.

Deputy President: Instances are sufficient now.

മിസ്റ്റർ സി. വി. ഇയ്യു: കൊച്ചി ഭൂമിശാസ്ത്രമാണു്. അതുകൊണ്ടു ഇതു പ്രത്യേകിച്ചും പറയാതെ കഴികയില്ല.

Mr. M. K. Devassy *(Adur)*: We want to know whether the instances show only some clerical mistake or some fundamental mistake in the author if it is a clerical mistake the remedy is very easy. But if the fundamental itself is wrong it is a very serious thing. One or two instances may make it clear.

Mr. M. L. Joseph *(Latin-Christians-Cranganur)*: According to me, the question resolves itself to this, whether such authors must be eradicated or only their books *(Laughter)*.

മിസ്റ്റർ സി. കെ. നായർ: I say it is wrong. No man can make out that meaning. ഭാഗം ൪൪ — ൧൯൩൧ -ലെ കാനേഷുമാരി കണക്കുപ്രകാരം ഒരു ചതുരശ്രനാഴികക്കു് ശരാശരി ഇന്ത്യയിൽ ൧൯൩, മദ്രാസ്സു് സംസ്ഥാനത്തിൽ ൫൭൮, തിരുവിതാംകൂറിൽ ൯൭൮ ജനങ്ങളാണുള്ളതു്. എന്നു പറയുന്ന ഗ്രന്ഥകാരൻ "ഭാരതഖണ്ഡത്തിൽ ജനങ്ങൾ ഏറ്റവും തിങ്ങി പാർക്കുന്ന രാജ്യം കൊച്ചിയാണെ"ന്നു പറഞ്ഞുംകൊണ്ടു് കൊച്ചിയിൽ ചതുരശ്രനാഴികക്കു് ശരാശരി ൫൧൪ ജനങ്ങൾ ഉണ്ടെന്നു് ഉറപ്പിച്ചു പറയുന്നു. ൫൭൮ ജനങ്ങൾ മദ്രാസ്സിലുണ്ടെങ്കിൽ ൫൧൪ ജനങ്ങൾ മാത്രമുള്ള കൊച്ചിക്കു് എങ്ങിനെ ഒന്നാം സ്ഥാനം കിട്ടുമെന്നു ഗ്രന്ഥകാരനുമാത്രമെ അറിയൂ. ഈ സംഖ്യകളിലേതിലെങ്കിലും അച്ചടിപ്പിഴ പറ്റിയതുകൊണ്ടാണീവൈഷമ്യം വന്നുചേർന്നിട്ടുള്ളതെങ്കിൽ ഒരു സെൻസസ്സു് റിപ്പോർട്ടിന്റെ സഹായംകൂടാതെ ഒരദ്ധ്യാപകനു തിരുത്താവതല്ലതു്. പ്രൈമറി സ്കൂളുകളിലുണ്ടൊ സെൻസസ്സു് റിപ്പോർട്ടു്. ഇനിയുള്ള പോംവഴി കുട്ടികളെ അസംബന്ധം പഠിപ്പിക്കുകതന്നെ. ഇതുപോലെതന്നെ തെറ്റുപറ്റിക്കൂടാത്ത ചില ഭാഗങ്ങളിൽ തെറ്റുപറ്റിയിട്ടുള്ളതിനു് ഈ പുസ്തകത്തിൽ ഇനിയും ചില ഉദാഹരണങ്ങളുണ്ടു്. ഇവിടത്തെ വകുപ്പദ്ധ്യക്ഷന്മാരുടെ കൂട്ടത്തിൽ "പരസ്പരസഹായസംഘം ഡയറക്ടർ" എന്നൊരുദ്യോഗസ്ഥനെയുണ്ടു് ഗ്രന്ഥകാരൻ സൃഷ്ടിച്ചിരിക്കുന്നു! തൃശ്ശിവപേരൂരിൽ ആപ്പീസ്സുള്ള വകുപ്പദ്ധ്യക്ഷന്മാരുടെ ഒരു പട്ടിക കൊടുത്തിട്ടുള്ള ഗ്രന്ഥകാരനു് വിദ്യാഭ്യാസവകുപ്പദ്ധ്യക്ഷനെന്നൊരു ഉദ്യോഗസ്ഥൻ കൊച്ചിയിലുണ്ടെന്നൊ അദ്ദേഹത്തിന്റെ ആപ്പീസ്സു് തൃശ്ശിവപേരൂരാണെന്നൊ ആ പട്ടികയിൽ ചേർത്തെഴുതുവാനുള്ള നന്മനസ്സു് ഉണ്ടായിക്കാണുന്നില്ല. സ്കൂളുകളില്ലാതെ മറെറങ്ങും ആവശ്യമില്ലാത്ത ഒരു പുസ്തകമായതുകൊണ്ടാവാം ഇദ്ദേഹത്തിനു് ഈ വീഴ്ച പറ്റിയതു്. ൫൭ അംഗങ്ങളടങ്ങിയ തൃശ്ശിവപേരൂർ നഗരസഭയിൽ ൫൭ അംഗങ്ങളെ ഉള്ളുവെന്നിദ്ദേഹം ശഠിക്കുന്നു.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: മുമ്പു് ൫൭ അംഗങ്ങളുണ്ടായിരുന്നിരിക്കാം.

മിസ്റ്റർ സി. കെ. നായർ: കൊച്ചിയിലെ, അധീശഗവമ്മെണ്ടിന്റെ പ്രതിനിധി പൊളിറ്റിക്കൽ ഏജൻറാണതു്. റസിഡണ്ടിനെ പൊളിറ്റിക്കൽ ഏജൻറാക്കിയിരിക്കുന്നതെന്തിനാണെന്നാണെനിക്കറിയാത്തതു്. കൊച്ചിയിലെ കുട്ടികളെ കൊച്ചി ഭൂമിശാസ്ത്രം പഠിപ്പിക്കുമ്പോൾ കൊച്ചിയെ സംബന്ധിച്ചിടത്തോളമുള്ള കാര്യമെങ്കിലും തെറ്റുകൂടാതെ പഠിപ്പിക്കത്തക്കതായിരിക്കണം പുസ്തകമെന്നുള്ള സംഗതി ഈ സഭ സമ്മതിക്കുമെങ്കിൽ ഈ പുസ്തകത്തെ പാഠപുസ്തകമായി നിർണ്ണയിച്ച കമ്മിറ്റി ചെയ്ത അപരാധം അക്ഷന്തവ്യമാണെന്നു് എത്ര പറഞ്ഞാലും അധികമാകയില്ല.

ഇനി മൂന്നാം ക്ലാസ്സിലേക്കുള്ള ചരിത്രപുസ്തകം പരിശോധിക്കാം. മഹാഭാരതകഥയെ സംഗ്രഹിച്ചെഴുതിയുള്ള ഒരു പാഠമുണ്ടിതിൽ. അരക്കില്ലത്തിനു തീവെച്ചതു് ദുര്യോധനന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചാരനാണെന്നതിൽ പറയുന്നു. (ഭാഗം ൨൩) തങ്ങൾ പാക്കുന്ന കെട്ടിടം അരക്കുകൊണ്ടുണ്ടാക്കപ്പെട്ടതാണെന്നു് താമസം തുടങ്ങി കുറച്ചുദിവസം ചെല്ലുമ്പോഴേക്കും അറിവായ പാണ്ഡവന്മാർ ഭൂമിക്കടിയിൽകൂടിയുള്ള രഹസ്യമാർഗ്ഗത്തിൽകൂടി രക്ഷപ്പെടുകയും ദുര്യോധനചാരൻ കിടന്നുറങ്ങുന്ന തക്കംനോക്കി ഇല്ലത്തിനു ഭീമസേനൻ തീവെക്കയും ചെയ്യുന്നതായിട്ടാണു് ഭാരതം പറയുന്നതു്. ഭാരതകഥയിലെ ഈ ഭാഗത്തെ എത്രയേറെ അലങ്കോലപ്പെടുത്തിയിരിക്കുന്നു ഗ്രന്ഥകാരനെന്നു നോക്കുക. ഈ പുസ്തകത്തിലെ ഒരു ഭാഗംകൂടി എടുത്തുകാട്ടിയശേഷം ഞാനിതു മാറ്റിവെക്കാം. ഇന്ദ്രപ്രസ്ഥത്തിൽ പാണ്ഡവന്മാർ പണിചെയ്യിച്ച ഒരു കെട്ടിടത്തെപ്പറ്റി ഗ്രന്ഥകാരൻ ഇങ്ങിനെ പറയുന്നു. (ഭാഗം ൨൪). "വെള്ളവും കരയും തമ്മിൽ തിരിച്ചറിവാൻ പാടില്ലാത്തവണ്ണം അത്ര വിശേഷമായിരുന്ന ആ കൊട്ടാരത്തിന്റെ കരകൌശലം! എന്താണു് ഈ വിവരണത്തിൽനിന്നും ഈ സഭക്കു മനസ്സിലാകുന്നതു്. വെള്ളവും കരയും തമ്മിൽ തിരിച്ചറിയാൻ പാടില്ലായ്കയും ആ കൊട്ടാരത്തിന്റെ കരകൌശലത്തിനും തമ്മിലുള്ള പൊരുത്തമെന്താണെന്നു് തല കാഞ്ഞാലോചിച്ചാലും കണ്ടുകിട്ടുക വിഷമമാണു്. ഭാരതകഥയെന്താണെന്നറിയുമ്പോൾ മാത്രമെ ഈ വാചകത്തിന്റെ നപുംസകതാപം നഗ്നരൂപത്തിൽ പ്രത്യക്ഷപ്പെടുകയുള്ളു.

കെട്ടിടം പണി കഴിഞ്ഞു കുറെ ദിവസം കഴിഞ്ഞപ്പോൾ ദുര്യോധനൻ കൊട്ടാരം കാണുവാൻ ചെല്ലുകയാണു്. ആ മണിമന്ദിരത്തിലെ ഡർബാർഹാളിൽ അദ്ദേഹം പ്രവേശിക്കുന്നു. ഡർബാർ ഹാളിന്റെ മറെറ അററത്തു് ഒരു കുളമാണെന്നും ഈ ഭാഗം കരയാണെന്നും ദുര്യോധനനെ മനസ്സിലാക്കിയിട്ടുണ്ടു്. അദ്ദേഹം മറെറ അററത്തേക്കു നടന്നുതുടങ്ങി. പക്ഷേ കുളം തുടങ്ങുന്നതെവിടെവെച്ചാണു് എന്നു മനസ്സിലാകാൻ നിവൃത്തിയില്ലാതവണ്ണം നിലവും ജലവും ഒരേ വണ്ണത്തിലായിരുന്നു. ജലവും നിലവും തിരിച്ചറിയാൻ വയ്യാതെ കുഴങ്ങിയ ദുര്യോധനൻ കുളത്തിലെത്തുംമുമ്പെ ജലഭ്രമം പൂണ്ടു് ഉടുവസനം പൊക്കിപ്പിടിച്ചെന്നും നോക്കിനിന്നിരുന്നവർ ഇതുകണ്ടു ചിരിച്ചെന്നുമാണു് ഭാരതകഥ.

൯-ാം ക്ലാസ്സിലേക്കുള്ള കൊച്ചീ ഭൂമിശാസ്ത്രത്തിലെ ആദ്യഭാഗത്തിലെ ആദ്യഖണ്ഡികമേപ്പു് എന്നതെന്താണെന്നുപോലും അറിയാത്ത കുട്ടികളെ പഠിപ്പിക്കാനാണെന്നുള്ളതു നാം മറക്കരുതു്. ഗ്രന്ഥകാരൻ പറകയാണു്.—"ഈ പടം നോക്കുക. എ. ബി. എന്ന ഒരു വഴി തെക്കോട്ടും വടക്കോട്ടും (തെക്കുവടക്കായി) പോകുന്നു. സി. ഡി. എന്ന വഴി കിഴക്കോട്ടും, ക. ട. എന്ന വഴി പടിഞ്ഞാട്ടും പോകുന്നു. രാമുവിന്റെ വീട്ടിൽനിന്നു് നേരെ വടക്കോട്ടു പോയാൽ വഴിയുടെ പടിഞ്ഞാറുവശം സ്കൂളും കിഴക്കുവശം അമ്പലവും കാണാം. അമ്പലത്തിന്റെ ഏതുഭാഗത്താണു് സി. ഡി. വഴി? സി. ഡി. വഴിയുടെ ഏതുവശത്താണു് ചന്ത? അബ്ദുള്ളാവിന്റെ വീട്ടിൽനിന്നു് എങ്ങോട്ടുനടന്നാൽ സ്കൂളിൽ ചെല്ലും? സ്കൂളിൽനിന്നു് ഏതുവഴികളിൽക്കൂടി എങ്ങോട്ടുനടന്നാൽ പള്ളിക്കാണും? നാലുദിക്കുകളും പഠിപ്പിക്കുവാൻ ഗ്രന്ഥകാരനെടുത്തിട്ടുള്ള വിദ്യയാണിതു്. ഞങ്ങളും പഠിച്ചിരുന്നകാലത്തും ദിക്കുകളും പഠിപ്പിച്ചിരുന്നു. പക്ഷെ, സൂര്യൻ കിഴക്കുദിക്കുന്നു എന്നു് ഈ ക്ലാസ്സിലെത്തുംമുമ്പെ പഠിച്ചിരുന്ന ഞങ്ങളെ സൂര്യനഭിമുഖമായി നിറുത്തിയാണു് ദിക്കുകളും പഠിപ്പിച്ചിരുന്നതു്. സുഗമമായ ആ മാർഗ്ഗമുപേക്ഷിച്ചു് ഒരു സവ്വെ ക്ലാസ്സിലെ കുട്ടികൾക്കുപോലും മനസ്സിലാക്കാൻ കഴിവില്ലാത്ത ഒരു സമ്പ്രദായം വഴിയാണു് ഒരുകൂട്ടം പിഞ്ചുകിടാങ്ങളെ ദിക്കുകളും പഠിപ്പിക്കാൻ നമ്മുടെ ഗ്രന്ഥകാരൻ പണിപ്പെടുന്നതു്. ഇങ്ങിനെയുള്ള പാഠപുസ്തകങ്ങളാണു് പാഠപുസ്തകക്കമ്മിററി ഇക്കൊല്ലം തിരഞ്ഞെടുത്തതും അഡ്വൈസറിബോർഡു് സ്വീകരിച്ചതും. ശാന്തം പാപം!

Mr. K. Karunakaran Nayar *(Nominated)*: I would ask whether these books were prescribed at the last Advisory Committee meeting.

Mr. C. K. Nayar *(Nemmara)*: I don't know that. I say that these books were prescribed by the Advisory Committee this year. ഈവക പുസ്തകങ്ങളും തിരഞ്ഞെടുത്തതാരായാലും വേണ്ടില്ല. അബദ്ധസമ്പൂർണ്ണമായ പുസ്തകങ്ങളും കുട്ടികളുടെ തലയിൽവെച്ചുകെട്ടിച്ചുതിന്റെ ഉത്തരവാദിത്വം അവ തിരഞ്ഞെടുത്തവരിലാണു് നിലകൊള്ളുന്നതു്. ഓരോ കൊല്ലത്തിലും ൧൩ ൧൫ പുസ്തകങ്ങളും വീതമാണു് കൊച്ചിയിൽ തിരഞ്ഞെടുക്കപ്പെടേണ്ടതു്. ഇവയിൽ ൧൪ പുസ്തകം തമിഴും, ൧൩ പുസ്തകം അറബിയും, ൪ പുസ്തകം ലാററിനുമാണു്. ൧൧ പുസ്തകം ഹിന്ദിയാണു്. ൩ പുസ്തകം ഗ്രീക്കും, ൫ പുസ്തകം ഹിബ്രൂവുമാണു്. ഈ ഭാഷകളറിയുന്നവരുണ്ടോ പാഠപുസ്തകക്കമ്മിററിയിലെന്നു ഞാൻ ചോദിക്കുന്നു. ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങിയ മലയാളപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നവർ ആ വിഷയങ്ങളിൽ പ്രത്യേക വൈദഗ്ദ്ധ്യം

LIBRARY ARCHIVES Kerala Legislative Assembly

നേടിയിട്ടുള്ളവരാണെങ്കിൽ ഇത്തരം അബദ്ധങ്ങളുള്ള പുസ്തകങ്ങൾക്ക് സ്കൂളിൽ പ്രവേശനം കിട്ടുമായിരുന്നില്ല.

അഡൈ്വസറി കമ്മിറ്റിക്കാർ ഒരു പ്രാവശ്യമെങ്കിലും, ഉദാസീനതയോടുകൂടിയായാലും കണ്ണോടിച്ചിരുന്ന നാലാം ക്ലാസ്സിലേക്കുള്ള ചരിത്രകഥാവലിയിലൂടെയെങ്കിൽ, ഷാജഹാന്റെ മാപ്പ് ടാജ്മഹാളാണെന്നും, ഒരു തികഞ്ഞ മുഹമ്മദുമതാനുസാരിയായ സുജ്ജിഹാന്റെ മരുമകൻ പാർസിസ്ത്രീയാണെന്നും എഴുതിപ്പിടിപ്പിച്ചിട്ടുള്ള ഈ പുസ്തകത്തെ പാഠപുസ്തകമായിട്ടംഗീകരിക്കുമായിരുന്നുവോ? ഒരു കാര്യം തീച്ചയാണ്, ഒന്നുകിൽ കമ്മിറ്റിക്കാർ ഈ പുസ്തകം വായിച്ചിട്ടില്ല. അല്ലെങ്കിൽ, പുസ്തകത്തിലെ ഉള്ളടക്കം ശരിയാണൊ എന്നു വായിച്ചുനോക്കിയിട്ടുപോലും മനസ്സിലാക്കാൻ സാധിക്കാത്തവരാണ് കമ്മിറ്റിക്കാർ. (ഹിയർ, ഹിയർ) സംസ്കൃതപുസ്തകങ്ങൾ തിരഞ്ഞെടുക്കുവാൻ നിയുക്തരായവരിൽ ആ ഭാഷയറിയുന്നവരെ രണ്ടുപേരെന്നാണേഷിക്കുന്നത് ഈ അവസരത്തിൽ അനുചിതമാകയില്ല. ഏതായാലും കുട്ടികളുടെ തലയിൽ അബദ്ധങ്ങളത്രയും കുത്തിച്ചെലുത്തുവാൻ വേണ്ടിയാണ് പ്രതിവർഷം ഒരു ലക്ഷം ഉറുപ്പിക ചിലവുചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള പാഠപുസ്തകങ്ങൾ തിരഞ്ഞെടുത്ത് കുട്ടികളേയും മാസ്റ്റർമാരേയും ബുദ്ധിമുട്ടിക്കുന്നതിലും നല്ലത് ഇത്ര വലിയ സംഖ്യ ചിലവുചെയ്യാതിരിക്കുകയല്ലെ എന്നാണ് ഞാൻ ചോദിക്കുന്നത്. വിദ്യാഭ്യാസം ഒഴിച്ചുകൂടാത്തതാകയാൽ, നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കപ്പെടുകതന്നെ വേണം. ഇപ്പോഴത്തെ പുസ്തകങ്ങളെ മുഴുവൻ പരിശോധിച്ച് തെറ്റുകൾ തിരുത്തി അച്ചടിപ്പിക്കുകയൊ, ഇവയെ മാറ്റി മറ്റു പുസ്തകങ്ങൾ തിരഞ്ഞെടുക്കുകയൊ ചെയ്യണം.

മിസ്റ്റർ സി. വി. ഇയ്യു: അതുപാടില്ല. പണംകൊടുത്തു പുസ്തകം വാങ്ങിയവർക്ക് അതു വളരെ നഷ്ടത്തിന്നിടയാക്കും.

മിസ്റ്റർ സി. കെ. നായർ: ഇത്തരം പുസ്തകങ്ങൾ മാറണം. ഇത്തരം തെറ്റുകൾ കുട്ടികൾ അവരുടെ തലക്കകത്തേക്കടിച്ചുകയറ്റിക്കൂടാത്തതാണ്. ഈ ഉപക്ഷേപം സഭ അംഗീകരിക്കുതന്നെവേണം.

Deputy President : For the information of the House I may bring one or two points to its notice, the committee was feeling a great difficulty in selecting good books because all the books submitted to the Committee contained such mistakes. I therefore once suggested that a revision committee must be appointed. If the revising committee had functioned properly these mistakes could have been rectified.

Mr. T. P. Poulose *(Kanayannur) :* Is there a revising committee now ?

Deputy President : Now the information is that the revising committee is appointed only for primary Malayalam text books. Not for the other books.

മിസ്റ്റർ സി. കെ. നായർ : ഭാഷാപുസ്തകങ്ങൾ മാത്രം.

Deputy President : The Revision Committee must be appointed to scrutinise all the books. There is no use of changing the text books. Even the Revision Committee cannot rectify one defect. No member has pointed out that defect. All the books are of immature style. For that purpose a committee of text book writers should be appointed by the Government. They should be handsomely paid for the work. Otherwise this defect cannot be cured.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഇവിടെ രേഖകൾ ഹാജരാക്കിക്കൊണ്ടുപ്രസംഗിച്ച ബഹുമാനപ്പെട്ട നെമ്മാറമെമ്പർ ഈ വിഷയത്തിൽ പറയുവാനുള്ള എല്ലാസംഗതികളും ഈ സഭയെ മനസ്സിലാക്കിക്കഴിഞ്ഞു. എനിക്കു മറ്റൊരുസംഗതി ഇവിടെ പറയുവാനുണ്ട്. ബഹുമാനപ്പെട്ട നെമ്മാറമെമ്പർ ഫ്രഞ്ച്, ലാറ്റിൻ, അറബിക്ക്, ഹിന്ദി മുതലയഭാഷകളിലുള്ള പാഠപുസ്തകങ്ങളെ സംബന്ധിച്ച് .....

Deputy President : The whole House is convinced that the books are full of mistakes. Then why should we waste time over it.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെയുള്ള അറിയുവാൻ പാടില്ലാത്ത ഭാഷകളെസംബന്ധിച്ച് ആ ഭാഷയിൽ യാതൊരു പരിചയവും വിവരവും ഇല്ലാത്ത ആളുകൾ പുസ്തകങ്ങൾ പ്രിസ്ക്രൈബു ചെയ്യുന്നതായിരുന്നാൽ അതുകൊണ്ടുള്ള ദോഷഫലം അനുഭവിക്കേണ്ടതു് ആരാണെന്നുകൂടി നോക്കണം.

Mr. K. Karunakaran Nayar *(Nominated):* For the information of the Hon'ble Member I may observe that such books are referred to experts before they are prescribed.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു നോക്കി പഠിക്കുവാൻ കഴിവുള്ളവരുണ്ടെങ്കിലല്ലേ പ്രയോജനമുള്ളൂ? പുസ്തകങ്ങൾ പ്രിസ്ക്രൈബു ചെയ്യുന്നതിനുള്ള കമ്മിറ്റിയിൽ എന്തുകൊണ്ടു് ആ ഭാഷകൾ അറിയുന്ന മാസ്റ്റർമാരെ എടുത്തുകൂടാ?

Mr. K. Karunakaran Nayar *(Nominated):* It is not possible to appoint a committee which will represent all the various languages in the world.

മിസ്റ്റർ കെ എസ്സ്. പണിക്കർ: ഒരു ടെക്സ്റ്റ്ബുക്ക് കമ്മിറ്റിയുണ്ടു്. ആ കമ്മിറ്റിയിൽ കിട്ടുന്ന പുസ്തകങ്ങളിൽ അവർ തിരഞ്ഞെടുക്കുന്നവയെ നല്ലതോ ചീത്തയോ എന്നു നോക്കി പ്രിസ്ക്രൈബു് ചെയ്യുവാൻ അഡൈസറി കമ്മിറ്റി ഉണ്ടു്. എന്നാൽ ആ കമ്മിറ്റിക്കു് അതു ചെയ്യുവാൻ സാധിച്ചിട്ടില്ല.

ഇനി വേറെ ഒരു സംഗതി പറയാം. പ്രൈമറി ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ നോക്കി തിരഞ്ഞെടുക്കുന്നതു് അറിവുള്ളവരാണോ എന്നുള്ളതു് ഇന്നത്തെ കമ്മിറ്റിയെതന്നെ പരിശോധിച്ചാൽ അറിയാം. യഥാർത്ഥം പറയുകയാണെങ്കിൽ ഒരു ടെയിനിംഗ് സ്കൂളിലെ പ്രിൻസിപ്പാളും ഒരു സ്കൂൾ ഇൻസ്പെക്ടരുമൊഴിച്ചു് സെക്കണ്ടറി ക്ലാസുകൾക്കും പ്രൈമറിക്ലാസുകൾക്കും ആവശ്യമുള്ള പുസ്തകങ്ങൾ ഏതെല്ലാമാണെന്നു പരിശോധിക്കുവാൻ അറിവുള്ള അധികംപേർ ആ കമ്മിറ്റിയിൽ ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് ഈ വിഷയത്തിൽ അറിവുള്ളവരെ അഡൈസറി കമ്മിറ്റിയിൽ വെക്കുന്നതു് നല്ലതാണു്. ഇതു വെറും ഫാഴ്സുമാത്രമാണു്. ഗുണം കിട്ടണമെന്നുണ്ടെങ്കിൽ തീച്ചയായും പരിചയമുള്ളവരെ അഡൈസറി കമ്മിറ്റിയിൽ മെമ്പർമാരായി എടുക്കണം. എന്റെ കൂട്ടി എന്നോടു ചോദിച്ചു, ഭൂമി സൂര്യനെ ചുറ്റുന്നതു് എതു മണിക്ലോർ കൊണ്ടാണു് എന്നു്. ഇതു് എന്തുതന്നാണു നീ പറയുന്നതു് എന്നു ഞാൻ മറുപടി കൊടുത്തപ്പോഴാണു് അവൻ എന്നെ പുസ്തകമെടുത്തു കാണിച്ചതു് ഓ ർ മണിക്ലോർകൊണ്ടാണു ചുറ്റുന്നതു് എന്നു്.

ഇങ്ങിനെയുള്ള അബദ്ധപഞ്ചാംഗം മനസ്സിലാക്കുവാനുള്ള തന്റേടം ടെക്സ്റ്റ്ബുക്ക് കമ്മിറ്റിക്കും അഡൈസറി കമ്മിറ്റിക്കും ഇല്ലെങ്കിൽ പിന്നെ എന്താവശ്യത്തിനാണു് ഈ കമ്മിറ്റികൾ എന്നാണു ഞാൻ ചോദിക്കുന്നതു്. ഡെപ്യൂട്ടി പ്രസിഡണ്ടവർകൾ ദയവായി ഇവിടെ പറഞ്ഞ സംഗതി ഞാൻ സമ്മതിച്ചു. ഇതുവരെ നമ്മൾ പഠിച്ചുവന്നിരുന്ന നല്ല പുസ്തകങ്ങൾ ധാരാളമുണ്ടു്. അതിൽ ഇത്ര അബദ്ധങ്ങളൊന്നുമില്ല. അന്നു് ഇത്രമാത്രം അഭ്യസ്തവിദ്യർ ഉണ്ടായിരുന്നില്ല കൊച്ചിയിൽ. ആദ്യംമുതൽ നമ്മളും ഈ തരത്തിലുള്ള പുസ്തകങ്ങളാണു് പഠിച്ചിരുന്നതെങ്കിൽ തെറ്റുണ്ടെന്നു പറയുവാൻ പുറപ്പെടുകയില്ലായിരുന്നു. നൂർജിഹാന്റെ മരുമകൾ ടാജ്മഹാൾ എന്ന സ്ത്രീയെ ആണു് ഷാജിഹാൻ വിവാഹംകഴിച്ചതു് എന്നു പറയുന്നു; എന്തബദ്ധമാണിതു്? ഇതല്ലേ നമ്മുടെ കുട്ടികൾ പഠിക്കുന്നതു്? കൃഷ്ണദേവൻ കുരിശിന്മേൽ തറക്കപ്പെട്ടപ്പോൾ പിറ്റേദിവസം രാവിലെ അദ്ദേഹം ഉയിർത്തെഴുന്നേറ്റു എന്നു പറയുന്നതുപോലെ സിദ്ധാർത്ഥൻ രണ്ടാമതും കപിലവസ്തുവിൽ മടങ്ങിവന്നു തന്റെ അമ്മയെ ബുദ്ധമതത്തിൽ ചേർത്തുവെന്നു പറയുന്നുണ്ടു്. ഇങ്ങിനെ എന്തെല്ലാം അബദ്ധങ്ങളാണു് പറഞ്ഞിട്ടുള്ളതു്? അവരുടെ തട്ടിൻപുറത്തു കുറച്ചെങ്കിലും സാമാനങ്ങളുണ്ടെങ്കിൽ ഈ തരത്തിലൊക്കെ ആരെങ്കിലും എഴുതി ചേർക്കുമോ? ഇങ്ങിനെയുള്ള അബദ്ധങ്ങൾ കണ്ടുപിടിക്കുവാൻ പ്രാപ്തിയില്ലാത്ത ഒരു അഡൈസറികമ്മിറ്റി നമുക്കാവശ്യമില്ല. എല്ലാ രാജ്യങ്ങളിലും അഡൈസറി ബോർഡുണ്ടു്, അതുപോലെ ഇവിടെ ഒന്നിരിക്കട്ടെ എന്നുവിചാരിച്ചിട്ടു ഫലമില്ല. അവിടെ നാളികേരം ഉടച്ചുസ്ഥിതിക്കു് ഇവിടെ ചിരട്ടയെങ്കിലും ഉടക്കണമെന്നുള്ള ഒരുനില നമുക്കാവശ്യമില്ല. ബുക്കുകളിലുള്ള തെറ്റുകൾ ഇന്നതാണെന്നു കൂട്ടിക്കാണിക്കുവാൻ സാധിക്കാത്ത ഈ ഒരു ഫാഴ്സ് നമുക്കാവശ്യമില്ല. ഇത്രമാത്രമെ എനിക്കു ഈ സംഗതിയിൽ പറയുവാനുള്ളൂ.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: എന്റെ മാന്യസ്നേഹിതന്മാരിൽ പലരും പാഠപുസ്തകങ്ങളിലുള്ള അബദ്ധങ്ങളെപ്പറ്റി ഇവിടെ പറഞ്ഞുകഴിഞ്ഞു. എന്റെ അഭിപ്രായത്തിലും ഈ പുസ്തകങ്ങളിൽ ഇതുപോലെയുള്ള പല ഭീമാബദ്ധങ്ങളും ഉള്ളതായി പറയുവാനുണ്ടെങ്കിലും അവയെ ആവർത്തിച്ചു വിളമ്പി വാദപ്രതിവാദം ദീർഘിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നകാര്യത്തിൽ തത്പരമായി ഒരു സംഗതിയെപ്പറ്റി മാത്രം രണ്ടുവാക്കു പറയാം. നമ്മുടെ ടെക്സ്റ്റ്ബുക്ക് കമ്മിറ്റിക്കാർ ഇപ്പോൾ ചെയ്യുവരുന്നതു് ഫസ്റ്റ്ഫാറത്തിലേക്കു് എവറസ്റ്റ് റീഡറിൽ ഒരു പുസ്തകം, സെക്കണ്ടുഫാറത്തിലേക്കു കിഞ്ചിൻജംഗറീഡർ, തേഡുഫാറത്തിലേക്കു് ഡാർജീലിങ്ങ് റീഡർ. ഇങ്ങിനെയുള്ള ഓരോപുസ്തകങ്ങളാണു് തിരഞ്ഞെടുക്കുന്നതു്. എനിക്കു പറയുവാനുള്ളതു് ഒരു സീരിയസ്സു് എഴുതിയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാക്കുമ്പോൾ അതുണ്ടാക്കുന്ന ആൾക്ക് വിദഗ്ദ്ധമായ ചില ആദർശങ്ങളും ചില തത്വങ്ങളുമെല്ലാം ഉണ്ടായിരിക്കും, ഇംഗ്ലീഷിൽ പറയുന്നപക്ഷം you will be actuated by a sense of unity underlying a particular series. Now this unity is lost. ഇങ്ങിനെ യാതൊരു യൂനിറ്റിയുമില്ലാതെയാണ് പുസ്തകങ്ങൾ പ്രിസ്ക്രൈബ് ചെയ്യുന്നത്. ഇനി വേറെ ഒരു ചില്ലറക്കാര്യം എനിക്ക് പറയുവാനുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾക്ക് ശ്രദ്ധരി ഒന്നാംക്ലാസ്സിൽ പഠിക്കുമ്പോൾ ഒരാളയിൽ ഒരു സ്ലേറ്റുവീതം വാങ്ങേണ്ടിവരുന്നുണ്ട്. ഒരു കൊല്ലം ഒന്നാംക്ലാസ്സിൽ പഠിച്ചാൽതന്നെയും ആ സ്ലേറ്റും പെൻസിലും എങ്ങിനെയാണ് ഉപയോഗിക്കേണ്ടത് എന്ന അവക്കറിഞ്ഞുകൂടാ. അവിടെനിന്നു രണ്ടാംക്ലാസിലേക്കുപോയാൽ അവിടെ ഡ്രായിങ്ങ് പുസ്തകം പ്രിസ്ക്രൈബുചെയ്തിട്ടുണ്ട്. രണ്ടാംക്ലാസിലെ കുട്ടിക്ക് lead pencil റബ്ബർ, ഡ്രായിങ്ങ് പുസ്തകം ഇതൊക്കെവേണം. ആ ഡ്രായിങ്ങ് പുസ്തകത്തിൽ അവർ എന്താണ് വരക്കുന്നത്? നമ്മുടെ ഡ്രായിങ്ങ്മാസ്റ്റർമാർതന്നെ മാങ്ങവരച്ചാൽ തേങ്ങപോലെയിരിക്കും. (ചിരി) അതുപോലെ ആ കുട്ടികൾ കുതിരവരക്കുകയാണെങ്കിൽ അത് കഴുതയെപ്പോലെയേ ഇരിക്കുകയുള്ളു. (ചിരി) അതുകൊണ്ട് നാലാംക്ലാസിൽ പോകുമ്പോൾ ഡ്രായിംഗ് പുസ്തകം വേണമെന്നാക്കണമെന്നാണ് എന്റെ അഭിപ്രായം.

Rao Sahib I. N. Menon *(Director of Public Instruction)*: I have allowed the use of slates even for the purpose of drawing in the lower classes.

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam)*: Anyhow the Text Book Committee has prescribed drawing books.

Mr. T. P. Poulose *(Kanayannur)*: May I know when this order was issued.

Rao Sahib I. N. Menon *(Director of Public Instruction)*: Only very recently, about a month back.

Mr. T. P. Poulose *(Kanayannur)*: After the drawing books were purchased by the students.

Rao Sahib I. N. Menon *(Director of Public Instruction)*: I did not anticipate this. There was no complaint from anybody. Just because I wanted to be consistent with a series of orders that I have issued regarding the use of slates in schools I thought the use of slates for drawing also will be almost a corrollory.

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam)*: For all the primary classes?

Rao Sahib I. N. Menon *(Director of Public Instruction)*: I think so.

മിസ്റ്റർ ടി. എസ്. രാമചന്ദ്രയ്യർ: പിന്നെ വേറെ ഒരു സംഗതി എനിക്കുപറയുവാനുണ്ട്. ഞാൻ പഠിച്ചിരുന്നകാലത്തു് Travancore Readers എന്നു് മലയാളത്തിൽ ഒരു പാഠമാലയാണു് text book ആയിരുന്നതു്. പ്രസ്തുത പാഠാവലിയെസംബന്ധിച്ചു് യാതൊരു ആവലാതിയും ഉണ്ടായിരുന്നില്ല. ഇപ്പോഴും തിരുവിതാംകൂറിലെ പാഠപുസ്തകങ്ങളിൽ ഈവക യാതൊരു അബദ്ധവും ഇല്ലെന്നാണു് എന്റെ അറിവു്. അതുകൊണ്ടു നമുക്കു തിരുവിതാംകൂറിൽ prescribe ചെയ്യുന്ന പുസ്തകങ്ങൾ സ്വീകരിക്കുന്നതിൽ യാതൊരു അബദ്ധവും മാനഹാനിയും വരുവാനില്ല. അല്ലെങ്കിൽ ഇക്കാര്യത്തിൽ രണ്ടു ഗവൺമെണ്ടും യോജിച്ചു പൊതുവായി ഒരു Committee യെ രൂപീകരിക്കുന്നതും നന്നായിരിക്കും. ഏതായാലും ഈകാര്യത്തെ ഗൌരവമായി ആലോചിച്ചു് വേണ്ട നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നു് പറഞ്ഞുംകൊണ്ടു് ഞാൻ തല്ക്കാലം വിരമിക്കുന്നു.

*മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: പാഠപുസ്തകങ്ങളുടെ കാര്യത്തെസംബന്ധിച്ചു് പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെചൂണ്ടിക്കാണിച്ച തെറ്റുകൾ ഗൌരവാവഹമാണെന്നു ഞാൻ സമ്മതിക്കുകതന്നെചെയ്യുന്നു. പാഠപുസ്തകകമ്മിറ്റി ഈ രാജ്യത്തിൽ അനവധികാലമായി നിലവിലിരിക്കുന്ന ഒരു സ്ഥാപനമാണു്. അതിന്റെ സംഘടനയിൽ ഗവൺമെണ്ടു് പല കൊല്ലങ്ങളിലുമായി ഉചിതങ്ങളായ പരിഷ്കാരങ്ങൾ വരുത്തുകയും, ഏതാണ്ടു് എല്ലാ താൽപ്പര്യങ്ങളേയും പ്രതിനിധികരിക്കുന്ന ഒരു സ്ഥാപനമായിത്തീർന്നു അതിനെ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ടെന്നാണു് എന്റെഅറിവു്. നിയമസഭയിലെ അനാദ്യേസ്ഥാസാമാജികന്മാരാൽ തിരഞ്ഞെടുക്കപ്പെട്ടവരെ കൂടാതെ മെമ്പർമാരും, അദ്ധ്യാപകസമ്മേളനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന മറ്റു ചില മെമ്പർമാരും, ചില ഉദ്യോഗസ്ഥമെമ്പർമാരും അടങ്ങിയതും പലവിധത്തിലും ഒരു ഗവൺമെണ്ടിന്റെ പ്രാതിനിധ്യസ്വഭാവത്തോടുകൂടി രൂപീകരിക്കാവുന്ന ഒരു വിദഗ്ദ്ധകമ്മിറ്റിയായി ഇതേവരെ നമ്മൾ അംഗീകരിച്ചുപോന്നിട്ടുള്ളതുമാണു് ഈ അഡൈസറി കമ്മിറ്റി. ടെക്സ്റ്റ്ബുക്കുകളെസംബന്ധിച്ചു് ഇത്തരം തെറ്റുകൾ എങ്ങിനെയാണു് വന്നുകൂടിയിരിക്കുന്നതെന്നും, അതിനുത്തരവാദം വഹിക്കേണ്ടതു് ആരാണെന്നും ഉള്ള സംഗതികൾ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടു് ശ്രദ്ധാപൂർവ്വം ആലോചിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ നിയമസഭയിൽ വേറെ ഒരു സംഗതിയെസംബന്ധിച്ചു് എനിക്കു പറയുവാനുള്ളതു് ഇവിടെ ടെക്സ്റ്റു് ബുക്കുകളെസംബന്ധിച്ചുള്ള ആക്ഷേപം ഇതു് ആദ്യമായിട്ടു വന്നിരിക്കുകയല്ല എന്നുള്ളതാണു്. ബഹുമാനപ്പെട്ട തത്തമംഗലം മെമ്പർ പറഞ്ഞതുപോലെ വളരെക്കാലമായി ഇവിടെ പാഠപുസ്തകങ്ങളായി സ്വീകരിച്ചിട്ടുണ്ടായിരുന്ന തിരുവിതാംകൂറിലെ റിഡേഴ്സു് അന്തർദ്ധാനം ചെയ്തതോടുകൂടി കൊച്ചിരാജ്യത്തിലെ വിദ്യാഭ്യാസസംബന്ധമായ ഉയർച്ചകൊണ്ടു സ്ഥാപിതതാല്പര്യക്കാരായ ചില പുസ്തക കച്ചവടക്കാരുടെ കയ്യിൽ അതു് അകപ്പെട്ടുവെന്നുള്ളതു് നിങ്ങൾ ഈ അവസരത്തിൽ ഓർക്കേണ്ടതാണു്. പാഠപുസ്തകങ്ങളെസംബന്ധിച്ചു് ഈവിധ സ്ഥാപിത താല്പര്യക്കാർക്കു് എത്രമാത്രം സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കുമോ അത്രമാത്രം ചെലുത്തിക്കാണുന്നുണ്ടു്. സ്വതന്ത്രമായി പ്രവർത്തനം ചെയ്യുന്നതൊ വിദ്യാഭ്യാസബന്ധിപ്പാട്ടുമെണ്ടിന്റെ കീഴിൽ പ്രവർത്തനം ചെയ്യുന്നതൊ ആയ കമ്മിറ്റിയിലെ അംഗങ്ങൾക്കു് സാധാരണയായി വരാവുന്ന വിഷമതകൾ എന്താണെന്നു് ഞാൻ ഈ നിയമസഭയിൽ പ്രത്യേകിച്ചു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. വിദ്യാഭ്യാസബന്ധിപ്പാട്ടുമെണ്ടിൽനിന്നു് അടുത്ത ഒരവസരത്തിൽ ചില പാഠപുസ്തകങ്ങളുടെ കാലാവധി അഞ്ചോ കൊല്ലത്തേക്കു നീട്ടിയപ്പോൾ രണ്ടുമൂന്നു പുസ്തകകച്ചവടക്കാർക്കുടി ഈ രാജ്യത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനങ്ങളെ സ്പർശിക്കുന്ന പ്രചരണങ്ങളും നടത്തിയതും, ബഹുബലപരീക്ഷണം നടത്തിയതും നമുക്കറിവുള്ളതാണു്. അതുകൊണ്ടു് ഈ സംഗതിയെസംബന്ധിച്ചു് നിയമസഭ ഒരു വിദഗ്ദ്ധമായ കമ്മിറ്റിയുടെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കെ ഇതിനു ഇത്രത്തോളം പ്രാധാന്യംകൊടുത്തു് ഇത്രവളരെ വാദപ്രതിവാദം നടത്തേണ്ട ആവശ്യമുണ്ടൊഎന്നു ഞാൻ ചോദിക്കുന്നു. നമ്മുടെ അടുത്തുള്ള കോഴിക്കോടു ഡിസ്ട്രിക്ടു് ബോർഡിൽ വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങൾ നടത്തിയിരുന്നവർ പുസ്തകകച്ചവടക്കാരുടെ പ്രലോഭനങ്ങൾക്കു വശംവദരായി തീരുകനിമിത്തം ക്രിമിനൽശിക്ഷയിൽപെട്ട ജയിൽവാസം അനുഭവിക്കുകയാണിപ്പോൾ. പോളിറ്റിക്സിന്റെ സ്വാതന്ത്ര്യം ചെലുത്തുന്നതിനു് ഉള്ള ഒരു പ്രകടനമല്ലെ ഈ നിയമസഭയിൽ നടക്കുന്നതെന്നു് ഞാൻ ബലമായി സംശയിക്കുന്നു. ഈ നിയമസഭാ മെമ്പർമാർ പറയുന്നകാര്യങ്ങളെല്ലാം വാസ്തവങ്ങളാണെങ്കിലും അതിൽ നാം അർഹിക്കുന്നതിൽ കവിഞ്ഞുള്ള പ്രാധാന്യം കൊടുക്കേണ്ട ആവശ്യമുണ്ടൊ എന്നും, ഉത്തരവാദിത്വഭരണത്തിന്റെപേരിൽ ഈ നാലുക്ലാസിലുംമറ്റും കവിഞ്ഞുള്ള ഒരു ചുമതല നമുക്കില്ലെ എന്നും ഞാൻ നിങ്ങളോടു ചോദിക്കുന്നു. അവരുടെ ഉദ്ദേശങ്ങളെ ഞാൻ ചോദ്യംചെയ്യുന്നില്ല. അതു ഏറ്റവും സദുദ്ദേശത്തോടുകൂടിയതാണെങ്കിലും കച്ചവടക്കാരുടെ സ്വാധീനത്തിനു വിധേയരായി ചേരികളായി തിരിഞ്ഞുനിൽക്കേണ്ടതിന്റെ ആവശ്യമുണ്ടോ എന്നാലോചിക്കണമെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് ഈ നിയമസഭയുടെ അന്തസ്സിനു് അനുയോജ്യമായവിധത്തിലും, നിയമസഭാമെമ്പർമാരുടെ ഉത്തരവാദബോധത്തിനനുയോജ്യമായ വിധത്തിലുമുള്ള നിഷ്പക്ഷമായ ഒരു തീരുമാനമല്ലാതെ ഈ വിഷയത്തെസംബന്ധിച്ചു് അതു് അർഹിക്കുന്നതിൽ കൂടുതലായ പ്രാധാന്യം കൊടുക്കേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: മിസ്റ്റർ പ്രസിഡണ്ടു്, സർ, കുറച്ചുകാലമായി ഈ നിയമസഭക്കകത്തു പ്രസംഗം കുറയ്ക്കണമെന്നു വിചാരിക്കുന്ന ഒരാളാണു ഞാൻ. എത്ര പ്രസംഗിച്ചാലും കായ്മയില്ലെന്നുള്ള തത്വം കഴിഞ്ഞ നാലുവർഷത്തെ നിയമസഭാ ജീവിതംകൊണ്ടു ഞാൻ പഠിച്ചുകഴിഞ്ഞു. എന്നിരുന്നാലും ഈ നിയമസഭയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധിയെന്ന നിലയിൽ ഞാൻ ടെക്സ്റ്റുബുക്കു കമ്മിറ്റിയിൽ ഇരിക്കുമ്പോൾ ഈ ഗൌരവങ്ങളായ തെറ്റുകൾ ചൂണ്ടിക്കാണിച്ചിരിക്കെ ഇതിനു സമാധാനം പറഞ്ഞില്ലെങ്കിൽ ആ തെറ്റുകൾ മനഃപൂർവ്വമായി ടെക്സ്റ്റുബുക്കു കമ്മിറ്റിക്കാർ ചെയ്തതാണെന്നു് ഒരു തെറ്റിദ്ധാരണ പൊതുജനങ്ങൾക്കുണ്ടായാലോ എന്നു വിചാരിച്ചു് രണ്ടുവാക്കു പറയുന്നതാണു്. വാസ്തവത്തിൽ ടെക്സ്റ്റുബുക്കു കമ്മിറ്റിയിൽ ഇന്നു നടക്കുന്ന സമ്പ്രദായങ്ങൾ മുഴുവൻ മനസ്സിലാക്കാതെയാണു് ചില മെമ്പർമാർ ഇവിടെ പ്രസംഗിച്ചിട്ടുള്ളതു്. അറിഞ്ഞുകൂടാത്ത പലഭാഷകളിലുള്ള, അതായതു് സംസ്കൃതം, ഹീബ്രൂ, ലാറ്റിൻ, ഹിന്ദി, തമിഴ് മുതലായ ഭാഷകളിലുള്ള പുസ്തകങ്ങൾ ടെക്സ്റ്റുബുക്കുകമ്മിറ്റിക്കാർ തിരഞ്ഞെടുക്കേണ്ടിവരുന്നുണ്ടു്. പുസ്തകങ്ങളെപ്പറ്റി യാതൊന്നും നോക്കാതെ അതിന്റെ ഭംഗി മാത്രം നോക്കിയാണു് കമ്മിറ്റിക്കാർ തിരഞ്ഞെടുക്കുന്നതെന്നു പറയുന്നുവെങ്കിൽ അതിൽ കൂടുതൽ അബദ്ധം വേറെയില്ല. തമിഴിനെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷു് മലബാറിൽ നിലവിലുള്ള പുസ്തകങ്ങൾ തമിഴ് ഭാഷയിൽ നല്ലവണ്ണം പാണ്ഡിത്യമുള്ളവരാൽ പരിശോധിക്കപ്പെട്ടിട്ടുള്ളവയാണു്. അവയാണു് ഇവിടെയും എടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ : തമിഴ പുസ്തകങ്ങളിൽ യാതൊരു തെറ്റുമില്ല. ഇവിടത്തെ കമ്മിറ്റി ഇൻഡിപ്പെൻറൻറായി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളിൽ മാത്രമേ തെറ്റുള്ളു.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : തമിഴ പുസ്തകങ്ങളിൽ അബദ്ധം ഇല്ല. അതുപോലെതന്നെ കമ്മിറ്റിക്കു് അറിവില്ലാത്ത ബാക്കി ഭാഷകളിൽ, ഹീബ്രൂ, ലാറ്റിൻ മുതലായ ഭാഷകളിൽ ഉള്ള പുസ്തകങ്ങൾ കമ്മിറ്റിക്കാർ Expert മാരെക്കൊണ്ടു പരിശോധിപ്പിച്ചു നല്ലതാണെന്നു് അവർ സമ്മതിക്കുന്നവയെ മാത്രമേ പാഠപുസ്തകങ്ങളായി സ്വീകരിച്ചിട്ടുള്ളു. സംസ്കൃതഭാഷയിലുള്ള പുസ്തകങ്ങൾ പരിശോധിക്കുവാൻ ആ ഭാഷയിൽ നല്ല അറിവുള്ളവർ ടെക്സ്റ്റ്ബുക്ക കമ്മിറ്റിയിലുണ്ടു്. അവരുടെ അഭിപ്രായം അറിഞ്ഞാൽ പിന്നെ ഞങ്ങൾക്കു് അതിനെപ്പറ്റി യാതൊരു ചിന്തയുമില്ല. ഇന്നു വല്ല അവഹേളനത്തിന്നും ടെക്സ്റ്റ്ബുക്ക കമ്മിറ്റി പാത്രമായിട്ടുണ്ടെങ്കിൽ അതിനു് ഉത്തരവാദി തിരഞ്ഞെടുപ്പിനു വരുന്ന പുസ്തകങ്ങളുടെ കുറ്റമാണു്. എനിക്കു് ഒന്നുരണ്ടു സംഗതികൾകൂടി പറയുവാനുണ്ടു്. ഇന്നിവിടെ കുറച്ചു പുസ്തകങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായി. അതെല്ലാം നോക്കുമ്പോൾ ടെക്സ്റ്റ്ബുക്ക കമ്മിറ്റിയുടെ പ്രവർത്തനം വളരെ ശരിയായിട്ടുണ്ടെന്നു മനസ്സിലാകും. ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ പഠിപ്പിക്കുവാനുള്ള മലയാളപുസ്തകങ്ങളിൽ മെമ്പർമാർ തിരഞ്ഞെടുത്തിട്ടുള്ളതിനെ സംബന്ധിച്ചു് യാതൊരു തെറ്റും കാണിച്ചിട്ടില്ല. ടെക്സ്റ്റ്ബുക്ക കമ്മിറ്റിയിൽ നിലവിലുള്ള പുസ്തകങ്ങളിൽ തെറ്റില്ല. ഇനി വരുന്നകൊല്ലത്തേക്കുള്ള പുസ്തകങ്ങളിൽ തെറ്റുണ്ടെങ്കിൽ അതു വേണ്ടെന്നുവെച്ചു് നിലവിലുള്ളതു മതിയെന്നു കമ്മിറ്റിക്കു പറയുവാൻ അധികാരമുണ്ടു്. മലയാളം പുസ്തകത്തെ സംബന്ധിച്ചിടത്തോളം യാതൊരു തെറ്റും യാതൊരു മെമ്പർമാക്കും ചൂണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. ഏതുവിധം പുസ്തകങ്ങളാണു് വേണ്ടതു് എന്നതിനെ സംബന്ധിച്ചുതന്നെ അഭിപ്രായവ്യത്യാസമുള്ളതാണു്. തറയിൽനിന്നു വിളക്കുകൊളുത്തിയാണോ ഫ്രാംക്ലാസു പുസ്തകം തുടങ്ങേണ്ടതു്, അതോ അ, ആ എന്നാണോ വേണ്ടതു് എന്നതന്നെ സംശയമുണ്ടു്. രണ്ടാമത്തെ തരമാണു് ശരിയെന്നു വിശ്വസിക്കുന്നവനാണു് ഞാൻ. പിന്നെ ചരിത്രം, ഭൂമിശാസ്ത്രം മുതലായവയെപ്പറ്റി പറയുകയാണെങ്കിൽ ദിവസംപ്രതി മ്യാപ്പിലെ ചായത്തിൽതന്നെ മാറ്റം വന്നുകൊണ്ടിരിക്കുന്ന സ്ഥിതിക്കു് അതനുസരിച്ചു ചരിത്രം വളരാതെ നിവൃത്തിയില്ല. പത്തുപത്തനഞ്ചു കൊല്ലങ്കൊക്കു മുമ്പുണ്ടായിരുന്നതിലും വളരെ വ്യത്യാസം ഇന്നു കൊച്ചിക്കു വന്നിട്ടില്ലേ? ആവക വ്യത്യാസങ്ങളെല്ലാം അപ്പോഴപ്പോൾ ചരിത്രത്തിൽ ചേർക്കണ്ടേ? ചരിത്രപുസ്തകത്തിൽ ചില തെറ്റുകൾ ഉണ്ടെന്നു് ഇവിടെ ചൂണ്ടിക്കാണിച്ചു. അതിനുള്ള സമാധാനം ഡെപ്യൂട്ടി പ്രസിഡണ്ടവർകളും പറഞ്ഞുകഴിഞ്ഞു. കിട്ടിയ പുസ്തകങ്ങളിൽ നല്ലതു നോക്കിയാണു് തിരഞ്ഞെടുക്കുന്നതു്. തെറ്റില്ലാത്ത പുസ്തകങ്ങൾ വിദഗ്ദ്ധന്മാരെക്കൊണ്ടു എഴുതിച്ചു പ്രസിദ്ധപ്പെടുത്തുന്നതാണു് നല്ലതെന്നു വളരെക്കാലമായി വാദിച്ചുകൊണ്ടിരിക്കയാണു്. ൫൦൦-ം, ൬൦൦-ം പുസ്തകങ്ങൾ വരുന്നതിൽനിന്നു് നല്ലതുനോക്കിയെടുക്കുമ്പോൾ അതിന്റെ ഏതെങ്കിലും ഒരു പേജിൽ ഒരു ചെറിയ തെറ്റു കണ്ടേക്കാം. അതു സമ്മതിച്ചുതരാതെ നിവൃത്തിയില്ല. ഉത്തരവാദബോധമുള്ള ആളുകൾ കൌൺസിലിനകത്തും പുറത്തും പുറരാജ്യങ്ങളിലും പോയി പ്രസംഗിച്ചതുകൊണ്ടു കാര്യമായില്ല.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ : ടെക്സ്റ്റ്ബുക്ക കമ്മിറ്റിക്കാർ ഇന്ന പുസ്തകത്തിൽ ഇന്ന പേജിൽ ഇന്ന തെറ്റുണ്ടു്, അതു തിരുത്തേണ്ടതാണു് എന്നു റിമാർക്കു് അയച്ചിട്ടുണ്ടോ ?

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : ഇല്ല.

മിസ്റ്റർ ടി. എസ്സ്. രാമചന്ദ്രയ്യർ: പുസ്തകങ്ങളുടെ ബയണ്ടിന്റെ ഭംഗിനോക്കിയാണോ തിരഞ്ഞെടുക്കുന്നതു്?

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : ഇങ്ങിനെയുള്ള ചില്ലറ തെറ്റുകളുണ്ടെന്നുപറഞ്ഞു് അവയെ തള്ളിക്കളയുകയാണെങ്കിൽ കൊച്ചീരാജ്യത്തുള്ള കുട്ടികൾക്കു് പഠിക്കുവാൻ പുസ്തകങ്ങൾ ഇല്ലെന്നുവരും.

മിസ്റ്റർ സി. കെ. നായർ : പഠിപ്പിക്കാൻതക്ക പുസ്തകങ്ങളാണോ എന്നു മാത്രമാണോ ടെക്സ്റ്റ്ബുക്കു് കമ്മിറ്റിക്കാർ നോക്കുന്നു?

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : എന്റെ മാന്യസ്നേഹിതന്റെ വാദം ഞാൻ വകവെച്ചുതരാം. തള്ളിക്കളഞ്ഞ പുസ്തകങ്ങൾ തിരഞ്ഞെടുത്ത പുസ്തകങ്ങളിലും വെച്ചു് നല്ലതാണോ എന്നുകൂടി നിങ്ങൾ പരിശോധിക്കണം. ഇങ്ങിനെ തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളെപ്പറ്റിയും ആക്ഷേപമുണ്ടാകയാണെങ്കിൽ അതോടുകൂടി കുട്ടികൾക്കു പഠിക്കുവാനും പുസ്തകം വേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈച്ചരമേനോൻ: വേണ്ടാത്തതു പഠിപ്പിക്കണ്ടാ എന്നു പറഞ്ഞാൽ പോരേ?

മിസ്റ്റർ പുതൂർ അച്യുതമേനോൻ: വേണ്ടാത്തതു പഠിപ്പിക്കണ്ടാ എന്നു പറയുന്നതു് വേറെ ഒരു കാര്യമാണു്. ഒരു ക്ലാസ്സിലേക്കു് ഒരു പുസ്തകം തിരഞ്ഞെടുക്കുമ്പോൾ അബദ്ധം കുറഞ്ഞവ നോക്കിയാണു് തിരഞ്ഞെടുക്കുന്നതു്.

മിസ്റ്റർ സി. കെ. നായർ: ടെക്സ്റ്റ് ബുക്ക് കമ്മിറ്റിക്കു് വെറുതെ പുസ്തകം തിരഞ്ഞെടുക്കൽ മാത്രമല്ലേ ജോലി? ഇന്ന പുസ്തകം ഇന്ന ക്ലാസ്സിലേക്കു് എന്നു നിശ്ചയിക്കുന്നതു് അഡൈസറി കമ്മിറ്റിയല്ലേ?

മിസ്റ്റർ പുതൂർ അച്യുതമേനോൻ: എന്റെ മാന്യസ്നേഹിതൻ മഹാഭാരതത്തിന്റെ ചില വ്യാഖ്യാനങ്ങളും മറ്റും ഇവിടെ പറയുകയുണ്ടായി.

മിസ്റ്റർ എ. വി. മൂത്തേടൻ: ഷാജിഹാന്റെ ഭാര്യ ടാജ്മഹാൾ ആണെന്നു പറഞ്ഞാൽ അതുത്തോളം ഹിമാലയൻ ബ്ലണ്ടർ വേറെയുണ്ടോ?

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ഷാജിഹാന്റെ ഭാര്യ ടാജ്മഹാളാണെന്നു് എഴുതിയിട്ടുണ്ടെന്നു അറിഞ്ഞുകൊണ്ടു് ആ പുസ്തകം തിരഞ്ഞെടുത്തിട്ടുള്ളതല്ല. അഭിമാനത്തോടുകൂടി ഞാൻ പറയുന്നതു് ടെക്സ്റ്റ് ബുക്ക കമ്മിറ്റിക്കു് കിട്ടിയ പുസ്തകം വായിച്ചുനോക്കാതെ സ്വീകരിച്ചിട്ടില്ല, ശരിയായി പരിശോധിച്ചിട്ടുണ്ടു്, പക്ഷേ, ചില ചില്ലറ തെറ്റുകൾ കണ്ടില്ലെന്നുവരാം.

മിസ്റ്റർ സി. കെ. നായർ: മിസ്റ്റർ അച്യുതമേനോൻ ടെക്സ്റ്റ് ബുക്ക കമ്മിറ്റി മെമ്പറായിരുന്നുവെങ്കിൽ പുസ്തകം വായിച്ചു് ഏതെങ്കിലും തെറ്റുണ്ടെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ടോ? ആ പുസ്തകങ്ങൾ അദ്ദേഹം വായിച്ചിട്ടുണ്ടോ? അതു് ടെക്സ്റ്റ് ബുക്ക കമ്മിറ്റി തിരഞ്ഞെടുത്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ഞാൻ പല പുസ്തകങ്ങളും വായിച്ചിട്ടുണ്ടു്, തെറ്റു കണ്ടുപിടിച്ചിട്ടുണ്ടു്, വലിയ തെറ്റില്ലാത്തതിൽ പലതും കമ്മിറ്റി സ്വീകരിച്ചിട്ടുമുണ്ടു്. പലതും തള്ളിക്കളഞ്ഞിട്ടുമുണ്ടു്. ചിലതു് തിരുത്താൻ വിട്ടുപോയിട്ടുണ്ടാകും.

മിസ്റ്റർ സി. കെ. നായർ: എന്റെ മാന്യസ്നേഹിതൻ പറയുന്നതു് മുഴുവൻ തെറ്റാണെന്നു് ഞാൻ പറയുന്നില്ല. തന്റെ ശൈശവത്തിൽതന്നെ മരിച്ചുപോയ അമ്മയെ കുറെക്കാലങ്ങൾക്കുശേഷം സഹോദരൻ സമാധാനിപ്പിക്കുന്നതായും വിധവയായ മാതാവിനെ പിന്നീടൊരിക്കൽ ബുദ്ധിമതത്തിൽ ചേർത്തതായും എഴുതിയിട്ടുള്ളതും, ഷാജിഹാന്റെ ഭാര്യ ടാജ്മഹാളാണെന്നു പറയുന്നതും തിരുത്തേണ്ടതായ തെറ്റുകളല്ലേ?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അതിൽ സർജിഹാനു് ആക്ഷേപമില്ലല്ലോ.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ഇങ്ങിനെയുള്ള ചില്ലറ കാര്യത്തിൽ നോക്കാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ അതു് വലിയൊരു അപരാധമാണോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആ സ്ത്രീയുടെ പേർ ടാജ്മഹാളായതുകൊണ്ടു് ആ സ്ത്രീയെ അടക്കംചെയ്ത സ്ഥലത്തു് പണിയിച്ച കെട്ടിടത്തിനും കൂടി ടാജ്മഹാൾ എന്നു പേരിട്ടതായി പറയുന്നുണ്ടു്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ഈ നിയമസഭാംഗങ്ങൾ എല്ലാവരും ചൂണ്ടിക്കാണിച്ചതു് ഒരു പുസ്തകത്തിലുള്ള ഒന്നോ രണ്ടോ വരിയെക്കുറിച്ചാണു്. എല്ലാവർക്കും കൂടി ഈ തെറ്റുകൾ എങ്ങിനെ കിട്ടിയെന്നും ഈ വാദത്തിന്റെ തത്വമെന്താണെന്നും ആലോചിച്ചാൽ അറിയുവാനുള്ള ബുദ്ധി കൊച്ചുകുട്ടിയിലെ ജനങ്ങൾക്കുണ്ടു്.

മിസ്റ്റർ സി. കെ. നായർ: എനിക്കു് ഇനിയും പല തെറ്റുകളും എടുത്തു കാണിക്കാനുണ്ടായിരുന്നു. അതു് മുഴുവൻ ഇവിടെ പറയാൻ എനിക്കു് സമയമനുവദിച്ചില്ല.

Mr. M. K. Devassy *(Adur)*: Sir, I am afraid, that this motion has taken a turn which is not very healthy for the discussion. This has been the subject matter of discussion in this House almost every year. But discussing this problem, pointing out the mistakes and the occasionally chastising the Text Book Committee will not give us a remedy in this matter. I was surprised when my Hon'ble Friend Mr. Achyutha Menon was trying to defend himself by referring to developments in Science and Geography to explain away some of the patent mistakes which were presented before this House. It was impossible for my hon'ble friend and he was trying at a task which is almost Himalayan. But we are forgetting another important feature. That is, it is not possible for the members of any committee to scrutinise every word of a book presented to them.

LIBRARY ARCHIVES Kerala Legislative Assembly

If 700 books are presented before the Text Book Committee, I for one will not expect even the most responsible member of that committee to go through every line of those books and to mark the mistakes contained in them. It is not humanly possible. Now one thing is possible according to me. That is when the committee has agreed to choose a certain book, you can eliminate all the 699 books and concentrate your attention on that one book and when the committee has chosen that book it should be left to an official or body of officials to scrutinise that book and find out the mistakes and if there are mistakes leave the books to be corrected according to directions. I do not know whether the Revision Committee to which the Principal was referring to is the honorary committee. I would be very glad to hear on the point from him.

Mr. K. Karunakaran Nayar *(Nominated)*: It was a committee of a mixed character consisting of officials as well as non-officials.

Mr. M. K. Devassy *(Adur)*: Now, Sir, I would point out one direction for the Government. That is when once these books have been selected the further act is purely a ministerial act. Leave it to a paid servant make him responsible for the mistakes if any, committed, sack him for a single mistake that is committed by him. I say every member of this House has pointed out mistakes in these books which are now already distributed in schools and which are now being taught to our children. Now I ask this House where is the remedy for this? Several thousands of children in Cochin State are now studying these mistakes. The mistakes have been repeatedly discussed in the Legislative Council. That is not going to improve matters. So that we must find out a remedy and the only remedy is to appoint properly paid servants to examine the mistakes in the books selected by the Text Book Committee, and to rectify those mistakes.

Deputy President: I may point out for the information of the Hon'ble Member that it is impossible to get good books from the people who write the text books now. That is the difficulty.

Mr. C. V. Jyyu *(Kunnamkulam)*: Why can't some officers of the Education Department be specially deputed for this purpose?

Deputy President: Nobody will write books now because it is not a remunerative work now. Therefore there is no use of selecting and correcting the books from the books already submitted to the committee.

Mr. M. K. Devassy *(Adur)*: That books of proper type should come up is an important problem. But there is an equally allied important problem. That is, when once you prescribe the authors the whole business will have to be undertaken by the Government or I think the books will not come out. The question of publisher will come. If the Government is prepared, and I say Government should be prepared when such an important question comes, to take up even the publication of these books, the Government or the committee may select proper persons who are competent to write these books, make them write these books and Government should take up the publication of these books. At any rate I am inviting the attention of the Government to this aspect. There is no use of our finding fault with the Text Book Committee year after year for the mistakes after mistakes repeatedly found in these books. If there is any use we must suggest that the Government should devote greater attention on the question and to try to find out a remedy for this repeated mistake. If the Government think it necessary to consult the non-officials of this House the Government can invite the services of any non-official, consult them and find out a remedy so that these mistakes may not be repeated. I am not for chastising the members of the Text Book Committee. They have not the time to examine and scrutinise all these books. I want the Government to realise the importance of this aspect and see that it is not repeated next year and if it is repeated, it will be a censure on the Government.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: On a point of information, Sir, ഈ കൊല്ലത്തിനുമുമ്പ് അപ്പ്രൂവ് ചെയ്തിട്ടുള്ള പുസ്തകങ്ങൾ പ്രിസ്ക്രൈബ് ചെയ്യുവാൻ പാടില്ലെന്ന് ആദ്യംതന്നെ ഗവൺമെണ്ടിൽനിന്ന് മറോ കമ്മിറ്റിക്ക വല്ല നിർദ്ദേശങ്ങളും നൽകീട്ടുണ്ടോ?

മിസ്റ്റർ കെ. കരുണാകരൻനായർ: അപ്പ്രൂവ്ചെയ്ത് ഈ കൊല്ലം കഴിഞ്ഞിട്ടുള്ള പുസ്തകങ്ങൾ പ്രിസ്ക്രൈബ് ചെയ്യുവാൻ പാടില്ല.

മിസ്റ്റർ കെ. എസ്സ് പണിക്കർ: അപ്പോ കൊല്ലത്തിനുമുമ്പ് അപ്പ്രൂവ് ചെയ്തിട്ടുള്ളതും രണ്ടാമതു കമ്മിറ്റി അപ്പ്രൂവ് ചെയ്യാത്തതുമായ പുസ്തകങ്ങൾ കമ്മിറ്റി പ്രിസ്ക്രൈബ് ചെയ്തിട്ടുണ്ടോ? അതായതു് അപ്പോകൊല്ലത്തിനകം അപ്പ്രൂവ്ചെയ്ത പുസ്തകങ്ങൾ മാത്രമേ പ്രിസ്ക്രൈബ് ചെയ്യുവാൻ പാടുള്ളുവെന്നുള്ള നിർബ്ബന്ധം ഉണ്ടെന്ന് ഗവൺമെണ്ടു ഭാഗത്തുനിന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. അഞ്ചുകൊല്ലത്തിനുമുമ്പു് അപ്പൂവു് ചെയ്തിരുന്ന പുസ്തകങ്ങൾ ഇപ്പോൾ പുതുതായി ട്ടു് വീണ്ടും കമ്മിറ്റിക്കു് അപ്പൂവു് ചെയ്യാൻ അയച്ചിട്ടില്ലാത്ത പുസ്തകങ്ങളുണ്ടോ?

മിസ്റ്റർ കെ. കരുണാകരൻനായർ: അതു ചെയ്യുവാൻ പാടില്ലാത്തതാണു്. അഞ്ചു കൊല്ലമായിട്ടു് അതിനുള്ളിൽ അപ്പൂവു് ചെയ്തിട്ടുള്ള പുസ്തകങ്ങളുടെ ഒരു ലിസ്റ്റെടുത്തു് അതിൽ നിന്നും തിരഞ്ഞെടുക്കുകയാണു്. അപ്പോൾ അഞ്ചു് കൊല്ലത്തിനു മുമ്പുള്ളതു് ആ ലിസ്റ്റിൽ പെടുവാൻ വഴിയില്ല.

Mr. A. B. Salem *(Mattancheri)*: I have been listening to this very interesting discussion, but I think the point has been missed—the real point underlying all this discussion. Text book writers multiply like mush-rooms. Why? Many are in want. Persons by writing books and getting them approved by the Text Book Committee make much money, because once a text book is accepted, lakhs of copies will be sold and it is a method of making money. Competition was let loose and you get all classes of people coming in, half educated, with half baked ideas—all sorts of people like that. Now the question arises, is it right for the Government to adopt a policy of prescribing literature books containing ideas which are wrong to be taught to children at their impressionable age? And the duty of the Government is to see that such things do not take place. Sir, somebody said that in America that great educationists in the land are alone selected for the primary schools. The professors in the Colleges, they said did not matter much because the students there know what they are reading. They are graduates, coming for post-graduate studies or higher studies and so they are capable of distinguishing what is right and wrong, whereas in the primary and lower secondary schools the children have not formed any idea. They are to be trained correctly and therefore great men are required to handle the primary and lower secondary education. We had a proposition here which touched the fringe of the problem. The Hon'ble Member for Kunnamkulam wanted first-class men only as teachers. I do not want to burden the discussion on that matter. The importance is that for primary education purposes you must have every vigilence in prescribing the text books or in printing the text books yourself. What prevents the Director of Public Instruction from recommending to the Government a small board of text book writers, paying them liberally and getting the books written by them, scrutinising and printing them at Government expense and supplying the books at cost price to the country? That is the only way in which you can get over the competition in writing books. You should have your own Board of Studies and you should have your own board to write text books—a small number for the primary classes, and a small number for the lower secondary classes. These books can be once for all prescribed. It is not necessary that you should change text books every four or five years. It can be revised periodically by the Government, if new ideas are prevalent in the country. It is where patronage comes, that there is trouble. Women or money are the two things in this world. Here, the trouble is money. I find that one point an Hon'ble Member was speaking about was about the glories of Taj Mahal. That is all beside the point. The only remedy for this question is for the Government to constitute a board of their own, paying the experts and getting your own books. That will be a source of income to Government. I don't see why our children should be taught nonsense, and money go into the pockets of foolish writers. Let that money go into the treasury and let that money go to the Education Department to give relief to the students in the shape of stationery, etc. That is what I wish to say in the matter. Therefore, Sir, this defect is a great and serious defect and it is not humanly possible for a small committee of four or five who may be busy otherwise to come together and go through all the books that have been sent one after the other to the Text Book Committee for adoption. I think it is not humanly possible to scrutinise all these books and the only remedy is to have a competent expert body of text book writers who should be given charge of writing these books. I have these few words but I will not vote for the proposition to cut another rupee.

Mr. K. Karu akaran Nayar *(Nominated)*: Certain mistakes have been pointed out by the movers of the cut motions. The advisory committee which recommends to the Government the prescription of books must naturally bear some responsibility for these mistakes. There was also another committee which was concerned with the selection of Malayalam books for primary classes. The responsibility for the mistakes must be shared by that committee also. As regards the personnel of the committee I have been the President for the last three years and I have not the self esteem to think that I am the most competent or qualified person for the task. The Hon'ble Deputy President who occupies the Chair has got longer experience of the Text Book Committee work and he is I think in a better position to speak about the past efforts than I am. One thing I may tell you and that is that the advisory committee has certain difficulties which it

LIBRARY ARCHIVES Kerala Legislative Assembly

is not humanly possible to surmount completely. As for me, I confess that it is not possible for me to go through all the books and I do not think what I am expected to go through all these books.

Deputy President: You are not to speak in defence of your position. But you are to speak on behalf of the Government. You have to defend the position of Government in this matter.

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* We want the Government to kindly consider the problem and to find out ways and means of getting over these mistakes.

Mr. K. Karunakaran Nayar *(Nominated):* The advisory committee has prescribed the text books from among the books which were approved for the last five years. When they get a very large number of books I don't think it is humanly possible for the members to go through all the books with that minute care with which some of Hon'ble Members of this House have apparently gone through them, I wish to inform the Hon'ble Members of this House that we have received so far no complaints about these mistakes. If complaints had been received we would certainly have taken proper action. If they are small mistakes the teachers would have been instructed to correct them. If the mistakes are more serious, the publishers would have been asked to make the corrections in the revised editions.

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* The Hon'ble Member the Principal will do well to bear in mind that where the parents are not supplied with sample copies of the text books how can they make any complaint. We know only after our children buy these books.

Mr. K. Karunakaran Nayar *(Nominated):* If mistakes are there, the teachers should have brought them to our notice. As I said, so far no mistakes have been brought to our notice.

Mr. A. B. Salem *(Mattancheri):* It only shows the interest that the teachers were taking. If the teachers would teach these books with the wrong ideas embodied take some interest in teaching the books, they would have brought these mistakes to the notice of the committee.

Mr. K. Karunakaran Nayar *(Nominated):* Mr. Salem said also something about action to be taken against the teachers for their indifference and my reply was relevant to that. That is something outside the purview of the Text Book Committee. What I say is, no such mistakes have been brought to the notice of the Text Book Committee.

Mr. A. B. Salem *(Mattancheri):* Who should bring it, either the teachers or those who learn. Those who learn are not competent.

മിസ്റ്റർ സി. കെ. നായർ: അഡൈ്വസറി കമ്മിറ്റിയിലുള്ള അംഗങ്ങൾ ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയിലുള്ളവരാണോ?

Mr. K. Karunakaran Nayar *(Nominated):* Yes.

മിസ്റ്റർ സി. കെ. നായർ: ഈ രണ്ടു കമ്മിറ്റിക്കും തെറ്റു കണ്ടുപിടിക്കുവാൻ സാധിച്ചില്ലെന്നാണോ ധരിക്കേണ്ടതു"?

Mr. K. Karunakaran Nayar *(Nominated):* It is only from among the books that are approved by us for the last five years.

മിസ്റ്റർ സി. കെ. നായർ: അഞ്ചു കൊല്ലത്തിനകത്തു് പാഠപുസ്തകകമ്മിറ്റി അപ്രൂവ് ചെയ്തിട്ടുള്ള പാഠപുസ്തകങ്ങളല്ലേ അഡൈ്വസറി കമ്മിറ്റി സ്വീകരിക്കാവൂ"?

Mr. K. Karunakaran Nayar *(Nominated):* That is done by the Advisory Committee.

മിസ്റ്റർ സി. കെ. നായർ: ആ പാഠപുസ്തകകമ്മിറ്റിയിലെ അംഗങ്ങളല്ലേ അഡൈ്വസറി കമ്മിറ്റിയിലുമുള്ളതു"? അന്നും ഇന്നും രണ്ടു കമ്മിറ്റിയിലും ആ മെമ്പർമാർ പുസ്തകങ്ങൾ വായിച്ചിട്ടില്ലെന്നാണോ ഞങ്ങൾ ധരിക്കേണ്ടതു"?

Mr. C. J. Mathew *(Joint Secretary to Government):* I should like to assure this House that the matter will be seriously looked into in the light of the discussion and whatever possible will be done.

The whole demand of Rs. 19,81,465 minus Rs. 3 was put and carried

14. Education (Cranganur) Rs. 67,087

Rao Sahib I. N. Menon *(Director of Public Instruction):* I request that a sum of Rs. 67,087 be granted under 14—Education (Cranganur).

Demand put and carried

The House rose for the day at 5 p.m.

K. S. RAGHAVAN
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly